2009, ഖുത്ബ നമ്പര്‍- 23

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

05.06.2009
ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍

# നിലനില്‍ക്കുന്നത് അല്ലാഹു മാത്രം

اَللّٰہُ لَاۤ اِلٰہَ اِلَّا ہُوَ ۚ اَلۡحَیُّ الۡقَیُّوۡمُ ۬ۚ لَا تَاۡخُذُہٗ سِنَۃٌ وَّلَا نَوۡمٌ ؕ لَہٗ مَا فِی السَّمٰوٰتِ وَمَا فِی الۡاَرۡضِ ؕ مَنۡ ذَا الَّذِیۡ یَشۡفَعُ عِنۡدَہٗۤ اِلَّا بِاِذۡنِہٖ ؕ یَعۡلَمُ مَا بَیۡنَ اَیۡدِیۡہِمۡ وَمَا خَلۡفَہُمۡ ۚ وَلَا یُحِیۡطُوۡنَ بِشَیۡءٍ مِّنۡ عِلۡمِہٖۤ اِلَّا بِمَا شَآءَ ۚ وَسِعَ کُرۡسِیُّہُ السَّمٰوٰتِ وَالۡاَرۡضَ ۚ وَلَا یَـُٔوۡدُہٗ حِفۡظُہُمَا ۚ وَہُوَ الۡعَلِیُّ الۡعَظِیۡمُ ﴿۲۵۶﴾ 2:256

ഞാന്‍ പാരായണം ചെയ്ത ആയത്തിന്റെ അര്‍ത്ഥം ഇപ്രകാരമാണ്.

അല്ലാഹു, അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനില്‍ക്കുന്നവനുമാകുന്നു. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. ആകാശങ്ങളിലും, ഭൂമിയിലുമുള്ളത് അവന്റെതാകുന്നു. അവന്റെ അനുമതി കൂടാതെ അവന്റെയടുക്കല്‍ ശുപാര്‍ശ ചെയ്യുന്നവന്‍ ആരുണ്ട്. അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവന്‍ അറിയുന്നു. അവന്റെ അറിവില്‍ നിന്ന് അവന്‍ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവര്‍ പ്രാപിക്കുന്നില്ല. അവന്റെ ആധിപത്യം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു കിടക്കുന്നു. അവരുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവന്‍ അത്യുന്നതനും മഹാനുഭാവനുമാകുന്നു. (2:256)

**ആയത്തുല്‍ കുര്‍സി** എന്നാണ് ഈ ആയത്തില്‍ പറയാറുള്ളത്. ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്ത ഒരു ഹദീസില്‍ ഇപ്രകാരം കാണാം. തിരുനബി (സ) അരുളി. ഓരോ വസ്തുവിനും സര്‍വോല്‍കൃഷ്ടമായ ഒരു ഭാഗം ഉണ്ടാകും. വിശുദ്ധഖുര്‍ആന്റെ സര്‍വോല്‍കൃഷ്ടമായ ഭാഗം സൂറത്തുല്‍ ബഖറയാണ്. ഈ സൂറത്തില്‍ വിശുദ്ധഖുര്‍ആനിലെ സര്‍വ്വ ആയത്തുകളുടേയും മുന്നണിയില്‍ നില്‍ക്കുന്ന ഒരായത്തുണ്ട്. അത് ആയത്തുല്‍ കുര്‍സിയാണ്.

മറ്റൊരു റിവായത്തില്‍ വരുന്നു. തിരുനബി (സ) ഇപ്രകാരം അരുളി. സൂറ:ബഖറയിലെ പത്ത് ആയത്തുകള്‍ പാരായണം ചെയ്തുകൊണ്ട് ആരാണോ ഉറങ്ങുന്നത്, പ്രഭാതം വരെ അദ്ദേഹത്തിന്റെ ഗൃഹത്തില്‍ ശൈത്താന്‍ പ്രവേശിക്കുന്നതല്ല. ഈ ആയത്തുകളില്‍ ഒന്ന് ആയത്തുല്‍ കുര്‍സിയാണ്.

തിരുനബി (സ) പറഞ്ഞതിന്റെ ഉദ്ദേശം വെറുതെ നാം പത്ത് ആയത്തുകള്‍ പാരായണം ചെയ്ത് ഉറങ്ങിയാല്‍ മതി എന്നല്ല. ഈ ആയത്തുകളെ ശ്രദ്ധാപൂര്‍വ്വം വായിക്കുകയും അതിനെക്കുറിച്ച് വിചിന്തനം നടത്തുകയും അതിന്റെ ആശയം മനസ്സിലാക്കാന്‍ ശ്രമിക്കുകയും അതോടൊപ്പം അതനുസരിച്ച് എത്രമാത്രം സ്വയം പ്രവര്‍ത്തിക്കുന്നുവെന്ന് മനുഷ്യന്‍ ആത്മപരിശോധന നടത്തുകയും ചെയ്യുക. ആത്മപരിശോധനക്ക് ശേഷം ഇനി മുതല്‍ തന്നില്‍ പരിശുദ്ധമാറ്റം വരുത്താന്‍ ശ്രമിക്കുന്നതാണെന്ന്അവന്‍ പ്രതിജ്ഞ എടുക്കുകയും വേണം. ഇങ്ങിനെ ചെയ്യുമ്പോള്‍ ഈ പ്രവര്‍ത്തനങ്ങള്‍ ശൈത്താനെ അകറ്റി നിറുത്തുന്നതിന് കാരണമായിത്തീരുന്നതാണ്.

പത്ത് ആയത്തുകളില്‍ നാലെണ്ണം സൂറ:ബഖറയുടെ ആദ്യത്തെ നാല് ആയത്തുകളാണ്. ഈ ആയത്തുകളില്‍ ഒരു വിശ്വാസിയുടെ പവിത്ര ജീവിതം എങ്ങനെയായിരിക്കണമെന്ന് വരച്ചുകാട്ടിയിട്ടുണ്ട്. മറ്റ് മൂന്ന് ആയത്തുകള്‍ ആയത്തുല്‍ കുര്‍സിയും അതിനെ തുടര്‍ന്നു വരുന്ന രണ്ടായത്തുകളുമാണ്. അല്ലാഹുവിന്റെ സിഫത്തുകളെക്കുറിച്ചാണ് ഇതില്‍ പ്രതിപാദിച്ചിരിക്കുന്നത്. സൂറ:ബഖറയിലെ അവസാനത്തെ മൂന്ന് ആയത്തുകളാണ് ബാക്കിയുള്ളത്. അവസാന ആയത്തിന്റെ വ്യാഖ്യാനം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ തഫ്സീറിന്റെ വെളിച്ചത്തില്‍ ഞാന്‍ കഴിഞ്ഞ ഖുത്ബയില്‍ കേള്‍പ്പിച്ചിരുന്നു.

ആയത്തുല്‍ കുര്‍സിയുടെ വ്യാഖ്യാനമാണ് ഇന്ന് കേള്‍പ്പിക്കുന്നതെങ്കില്‍ കൂടി സൂറ:ബഖറയുടെ ആദ്യ നാലായത്തുകളിലെ

الٓمّٓ ۚ﴿۲﴾
ذٰلِکَ الۡکِتٰبُ لَا رَیۡبَ ۚۖۛ فِیۡہِ ۚۛ ہُدًی لِّلۡمُتَّقِیۡنَ ۙ﴿۳﴾ (2:2-3)

എന്നീ ആയത്തുകള്‍ക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നല്‍കിയ വ്യാഖ്യാനത്തില്‍ നിന്നുള്ള ഒരു ഉദ്ധരണി ഞാന്‍ വായിച്ചു കേള്‍പ്പിക്കുന്നതാണ്. അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥമായ വിശുദ്ധ ഖുര്‍ആന്റെ വ്യാപ്തിയെക്കുറിച്ചും അതിനെ മനസ്സിലാകുന്നതിനെക്കുറിച്ചും ഈ ഉദ്ധരണി നമുക്ക് വഴികാട്ടിയാണ്. ഇത് മനസ്സില്‍ നിലയുറപ്പിക്കുകയാണെങ്കില്‍ വിശുദ്ധഖുര്‍ആനെ ശരിയായ രീതിയില്‍ നമുക്ക് മനസ്സിലാക്കാന്‍ സാധിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

‘‘ഒരു ഗ്രന്ഥത്തില്‍ നാല് അടിസ്ഥാന കാര്യങ്ങള്‍ പൂര്‍ണ്ണമല്ലെങ്കില്‍ ആ ഗ്രന്ഥം സമ്പൂര്‍ണ്ണമാണെന്ന് പറയാന്‍ സാധ്യമല്ല. അതുകൊണ്ടാണ് ഈ ആയത്തുകളില്‍ ഈ നാല് അടിസ്ഥാന കാര്യങ്ങളെക്കുറിച്ച് അല്ലാഹു പരാമര്‍ശിച്ചിരിക്കുന്നത്. അവ ഇതാണ് - ഒന്ന് **ഇല്ലത്തെ ഫാഇയി**: (നിര്‍മാതാവ്) രണ്ട് **ഇല്ലത്തെ മാദ്ദീ** - എന്തുകൊണ്ട് നിര്‍മ്മിക്കപ്പെട്ടു. മൂന്ന് **ഇല്ലത്തെ സുവരി** - പ്രത്യക്ഷരൂപം. നാല് **ഇല്ലത്തെ ഗാഇഈ** ,എന്തിന് വേണ്ടി നിര്‍മ്മിച്ചു. വിശുദ്ധ ഖുര്‍ആനില്‍ ഈ നാല് അടിസ്ഥാന കാര്യങ്ങളും പരിപൂര്‍ണ്ണമായ നിലയില്‍ അടങ്ങിയിരിക്കുന്നുണ്ട്. ഇവിടെ **അലിഫ്, ലാം, മീം** എന്ന വാക്കുകള്‍ നിര്‍മ്മാതാവിന്റെ നൈപുണ്യത്തെയാണ് വിളിച്ചു പറയുന്നത്. ഇതിന്റെ അര്‍ത്ഥം أَنَا اللّٰهُ أَعْلَمُ എന്നാണ്. അദൃശ്യകാര്യങ്ങള്‍ അറിയുന്ന ഞാനാണ് ഈ ഗ്രന്ഥത്തെ ഇറക്കിയിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ നിര്‍മ്മാതാവ് അല്ലാഹു ആയതുകൊണ്ട് എല്ലാ ഗ്രന്ഥത്തിന്റെയും നിര്‍മ്മാതാക്കളേക്കാളും അത്യുന്നതനാണ് വിശു

ദ്ധഖുർആന്റെ നിർമ്മാതാവ്. വിശുദ്ധഖുർആൻ സമ്പൂർണ്ണ ഗ്രന്ഥ മാണെന്നതിനുള്ള തെളിവ് അതിന്റെ തുടക്കത്തിലുള്ള ഈ മൂന്ന് അക്ഷരങ്ങളിൽ തന്നെ അല്ലാഹു നൽകിയിരിക്കുന്നു. ഇതിൽ വിശ്വ സിക്കുന്നവർക്ക് ഒരു വിധത്തിലുമുള്ള അപകർഷധാബോധത്തി ന്റെ ഒരാവശ്യവുമില്ല. കാരണം അല്ലാഹുവിന്റെ പ്രവർത്തനങ്ങളുടെ യാഥാർത്ഥ്യങ്ങളിലേക്ക് മനുഷ്യന് ചെന്നെത്താൻ സാധ്യമല്ല. അങ്ങ നെയുള്ള അല്ലാഹുവാണ് ഇതിന്റെ നിർമ്മാതാവ്. മറ്റെല്ലാ സഹായി കളെയും കൂട്ടിയാൽ പോലും വിശുദ്ധ ഖുർആന്റെ ഒരദ്ധ്യായത്തിന് തുല്യമായത് കൊണ്ടുവരാൻ ആർക്കും സാധ്യമല്ലെന്നത് അതിന്റെ തുറന്ന വെല്ലുവിളിയാണ്.'' വിശദീകരണത്തിലേക്ക് പോകുന്നില്ല. ചുരുക്കത്തിൽ ഈ ഗ്രന്ഥത്തെ ഇറക്കിയവൻ പരിപൂർണ്ണനും സർവ്വ കഴിവുകളുമുള്ള, അദൃശ്യകാര്യങ്ങൾ അറിയുന്ന അല്ലാഹുവാണ്. രണ്ടാമത്തെ ആയത്ത്, ذٰلِكَ الْكِتٰبُ എന്നത് ഇല്ലത്തെ മാദി - എന്തു കൊണ്ടാണ് നിർമ്മിച്ചത് എന്നതിലേക്ക് വെളിച്ചം വീശുന്നു. ഇതാണ് ആ ഗ്രന്ഥം. ഇത് അല്ലാഹുവിന്റെ അറിവിനാൽ രൂപീകൃതമായതാ ണ്. ഇതിൽ സംശയമശേഷമില്ല. അല്ലാഹുവിന്റെ അറിവ് മറ്റെല്ലാവ രുടെ അറിവിനേക്കാളും പരിപൂർണ്ണമാണ്. അല്ലാഹു പറയുന്നത് തന്റെ അറിവിനെ വലയം ചെയ്യാൻ ആർക്കും സാധ്യമല്ലെന്നാണ്. അല്ലാഹു തന്റെ അതിവിശാലമായ വിജ്ഞാനത്തിൽ നിന്നും ഒരു ഭാഗം തന്റെ പ്രിയ പ്രവാചകർ (സ) മുഖേന ഈ ഗ്രന്ഥത്തിലൂടെ നമുക്ക് നൽകിയിരിക്കുകയാണ്.

മൂന്നാമത്തെ കാര്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കു ന്നത് ഇല്ലത്തെ സുവരിയാണ്. لَا رَيْبَ فِيْهِ എന്നതിൽ ഇല്ലത്തെ സുവരിലേക്കുറിച്ചാണ് പറയുന്നത്. ഇതിന്റെ രൂപഭംഗി. ഈ ഗ്രന്ഥം എല്ലാവിധ തെറ്റുകളിൽ നിന്നും സംശയങ്ങളിൽ നിന്നും പൂർണ്ണ മായും മുക്തമാണ്. അല്ലാഹുവിന്റെ അറിവിൽ നിന്നും പുറപ്പെട്ട ഗ്രന്ഥം, എല്ലാവിധ ന്യൂനതകളിൽ നിന്നും പരിശുദ്ധവും അതുല്ല്യവും അദ്വിതിയവും ആയിരിക്കും എന്നതിൽ ഒരു സംശയത്തിനും ഇട നൽകുന്നില്ല. അതിൽ സംശയമില്ലെന്നതിൽ പരിപൂർണ്ണവുമാണ്.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു. هُدًى لِّلْمُتَّقِيْنَ എന്നത് ഇല്ലത്തെ ഗാഇ, അടിസ്ഥാന ലക്ഷ്യത്തിലേക്ക് വെളിച്ചം വീശു ന്നു. ഈ ഗ്രന്ഥം മുത്തഖീങ്ങൾക്ക് പൂർണ്ണമായ വഴികാട്ടിയാകുന്നു. മനുഷ്യപ്രകൃതത്തിന് വഴികാട്ടാൻ കഴിയുന്ന അത്രയും ഈ ഗ്രന്ഥം മുഖേന സാധ്യമാകുന്നതാണ്.

ഹിദായത്തിനും ഇർഫാനെ ഇലാഹിക്കും (അഭൗമിക ജ്ഞാന ത്തിനും) വ്യത്യസ്ത പടവുകൾ ഉണ്ട്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപ നങ്ങളെക്കുറിച്ച് ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കു കയും ചെയ്താൽ ഹിദായത്തിന്റെയും ഇർഫാനെ ഇലാഹിയുടെ യും നവംനവങ്ങളായ പാതകൾ തുറന്നു തരുന്നതാണ്. വിശുദ്ധഖുർ ആൻ പഠിക്കുന്ന സന്ദർഭത്തിൽ ഈ നാല് അടിസ്ഥാനകാര്യങ്ങൾ നമ്മുടെ മുമ്പിലുണ്ടെങ്കിൽ, അതിൽ അടിയുറച്ച വിശ്വാസമുണ്ടെ ങ്കിൽ ഖുർആൻ മനസ്സിലാക്കുന്നതിനും അത് ഗ്രഹിക്കുന്നതിനുമുള്ള യഥാർത്ഥ പാത നമുക്ക് തുറക്കപ്പെടുന്നതാണ്.

ഇനി ഞാൻ ആയത്തുൽ കുർസിയെക്കുറിച്ച് അൽപം ചില കാര്യങ്ങൾ വിവരിക്കാം. ഈ ആയത്തിൽ എല്ലാ സൽഗുണങ്ങളു ടെയും സമ്മേളിത അസ്തിത്വമാണ് അല്ലാഹു എന്നും അവന്റെ സിഫത്തുകളെക്കുറിച്ചും വ്യാപ്തിയെക്കുറിച്ചുമാണ് പ്രതിപാദിക്കു ന്നത്. ഈ ആയത്ത് തുടങ്ങുന്നത് തന്നെ അല്ലാഹു എന്ന് പറഞ്ഞു കൊണ്ടാണ്. എന്താണ് അല്ലാഹു? ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. അല്ലാഹു എന്നത് അല്ലാഹുവിന്റെ സ്വന്തം പേരാണ്. അത് എല്ലാ സൽഗുണങ്ങളുടേയും സമ്മേളിത രൂപമാണ്. ഇസ്മെ അഅ്ളം ഇത് തന്നെയാണ്. ഇതിൽ വിവിധയിനം അനുഗ്രഹങ്ങൾ അടങ്ങിയിരിക്കുന്നു. അല്ലാഹു എന്നത് എന്താണെന്നറിയാത്തവർ ഇതിൽ നിന്ന് എന്തനുഗ്രഹം കരസ്ഥമാക്കാനാണ്.

ഒരാൾ താൻ വിശ്വാസിയാണെന്ന് വാദിക്കുമ്പോൾ അവൻ എല്ലാ കഴിവുകളുടേയും ഉറവിടം അല്ലാഹുവാണെന്ന് വിശ്വസിക്കുകയും എല്ലാ സദ്ഗുണങ്ങളുടേയും സമ്മേളിത രൂപമാണ് അവനെന്ന് മന സ്സിലാക്കുകയും വേണം. അവന്റെ സിഫത്തുകൾ അതിരില്ലാത്തതാ ണ്. ഈ വിശ്വാസമുണ്ടാകുമ്പോഴാണ് എപ്പോഴും അല്ലാഹുവിനെ ഓർമ്മ വരികയുള്ളൂ. അല്ലാഹുവിനെ എപ്പോഴും ഓർമ്മിക്കാത്തതു കൊണ്ടാണ് പലപ്പോഴും പല തിന്മയിലും മനുഷ്യൻ അകപ്പെട്ടുപോ കുന്നതും സൃഷ്ടികളോടും സൃഷ്ടാവിനോടുമുള്ള കടമകൾ നിറ വേറ്റുന്നതിൽ അലസത ഉണ്ടായിത്തീരുന്നതും. അല്ലാഹു എന്നെ ഏതു നിമിഷവും വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന ഓർമ്മ മനു ഷ്യൻ പലപ്പോഴും മറന്നു കളയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് അരുളുന്നു. ''അല്ലാഹു എന്നെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. വിശ്വസിക്കുകയും ഭൗതികയുടെ അൽ പം പോലും കലർപ്പില്ലാത്ത വിശ്വാസം സ്വീകരിക്കുകയും കാപട്യ ത്തിൽ നിന്നും ഭീരുത്വത്തിൽനിന്നും മുക്തമായ വിശ്വാസം ഉൾകൊ ള്ളുകയും അനുസരണത്തിന്റെ ഒരു വശവും വിട്ടുപോകുകയും ചെയ്യാത്ത വിശ്വാസം സ്വീകരിച്ചവരാണ് അല്ലാഹുവിന്റെ പ്രിയദാസ രെന്ന കാര്യം നീ നിന്റെ ജമാഅത്തിനെ അറിയിക്കുക. അല്ലാഹു പറയുന്നു. ഇക്കൂട്ടരാണ് സത്യത്തിൽ പദമൂന്നിയവർ.''

നമ്മുടെ അല്ലാഹുവിൽ വിശ്വസിക്കുകയും പുരോഗതിയിലേക്ക് മുന്നേറുകയും ചെയ്യാനുള്ള ഏറ്റവും ചുരുങ്ങിയ പരിശ്രമമാണിത്.

ഈ ആയത്തിന്റെ തുടക്കത്തിൽ അല്ലാഹു പറയുന്നത്, اَللّٰهُ لَآ اِلٰهَ اِلَّا هُوَ എന്നാണ്. നിങ്ങൾ അല്ലാഹുവിലേക്ക് ദൃഷ്ടി പായിപ്പിക്കുക. അവനാണ് നിങ്ങളുടെ ആരാധ്യൻ. അവനല്ലാതെ മറ്റൊരാരാധ്യനില്ല. എല്ലാ സദ്ഗുണങ്ങളുടേയും കേന്ദ്രവും എല്ലാ കഴി വുകളുടേയും ഉടമസ്ഥനും അല്ലാഹു തന്നെയാണെന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുകയാണ്. അതുകൊണ്ട് ആരാധനക്കർഹൻ അവൻ മാത്രമാണ്. മറ്റെല്ലാ പൊയ്ദൈവങ്ങളിൽ നിന്നും അകന്നു കൊണ്ട് ആ ഏകനായ അല്ലാഹുവിന്റെ സവിധത്തിൽ കുമ്പിടേണ്ട താണ്. ആ ഏകനായ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുകയാണെ ങ്കിൽ മാത്രമേ ഇരു ലോകനന്മയും കരഗതമാകുകയുള്ളൂ. ലോകത്ത് ഓരോന്നിന്നും പകരമായിട്ട് മറ്റൊന്നുണ്ടായേക്കാം. എന്നാൽ അല്ലാ ഹുവിന് പകരമായി മറ്റൊന്നില്ല. അല്ലാഹുവിന് പകരമില്ലാത്തതു കൊണ്ട് അവനെ വിട്ടുകൊണ്ട് മറ്റൊന്നിലേക്ക് പോകുകയോ താത് കാലികമായി മറ്റൊന്നിന് പ്രാമുഖ്യം നൽകുകയോ ചെയ്യുന്നത് വിഡ് ഢിത്തമാണ്. ഞാൻ അല്ലാഹുവിനെ അംഗീകരിക്കാത്തതുകൊണ്ട് എനിക്ക് അവന്റെ മുമ്പിൽ കുമ്പിടേണ്ട ആവശ്യമില്ലെന്ന് ഒരു നിരീ ശ്വരവാദിക്ക് പറയാമെങ്കിലും لَآ اِلٰهَ اِلَّا اللّٰهُ എന്ന് പറയുന്ന ഒരു വിശ്വാസി അല്ലാഹുവിനെവിട്ട് മറ്റുള്ളതിന് പ്രാമുഖ്യം നൽകുകയാ ണെങ്കിൽ ഇത് തീർച്ചയായും ദൗർഭാഗ്യമല്ലാതെ മറ്റെന്താണ്.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. ''പങ്കുകാരനില്ലാത്ത അല്ലാഹു ,അവനല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല. അനുസരണയോഗ്യനും മറ്റാരുമില്ല. ഇത് പറയാനുള്ള കാരണം അവൻ പങ്കുകാരനുള്ളവനായിരുന്നുവെങ്കിൽ അവന്റെ

ശത്രുക്കളുടെ കഴിവുകൾ അവന്റെ കഴിവുകളെ കീഴ്പ്പെടുത്തുമായിരുന്നേനേ. അങ്ങനെയാണെങ്കിൽ ദൈവംതന്നെ അപകടഭീഷണി നേരിടുമായിരുന്നു. അവനല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ലെന്ന് പറയാനുള്ള കാരണംഅവൻ പരിപൂർണ്ണ ദൈവമായതുകൊണ്ടാണ്. അവന്റെ ഗുണങ്ങളും സിഫത്തുകളും അത്യുന്നതവും അതിശ്രേഷ്ടവുമാണ്. ഇന്ന് ലോകത്തുള്ള വസ്തുക്കളിൽ നിന്ന് ഏറ്റവും ഉൽകൃഷ്ടഗുണങ്ങളുള്ള ഒരു ദൈവത്തെ നാം തെരഞ്ഞെടുക്കുകയാണെങ്കിൽ അതുമല്ലെങ്കിൽ അതിശ്രേഷ്ടനായ ഒരു ദൈവത്തെക്കുറിച്ച് ഹൃദയത്തിൽ ഊഹിക്കുകയാണെങ്കിൽ ആ അത്യുന്നതനായ ദൈവം അവനല്ലാതെ മറ്റാരുമില്ല. ഇങ്ങനെയുള്ള അത്യുന്നതനായ ദൈവത്തോടൊപ്പം താഴെക്കിടയിലുള്ളവരെ പങ്കുചേർക്കുക എന്നത് അക്രമമാണ്.''

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ വചനങ്ങളെ മുമ്പിൽ വെച്ചുകൊണ്ട് ഒരാത്മ പരിശോധന നടത്തുകയാണെങ്കിൽ വിശ്വാസികളുടെ ഹൃദയത്തിൽ ദൈവഭയം അങ്കുരിക്കുന്നതാണ്. നിത്യവും നാം അറിയാതെ അല്ലാഹുവിനോടൊപ്പം മറ്റു പലതിനേയും പങ്കുചേർത്തതുകൊണ്ട് അക്രമം ചെയ്യുന്നവരായി മാറുന്നു. നമ്മേ പരിപാലിക്കുന്നവൻ അല്ലാഹുവാണെന്ന സത്യം നാം മറന്നുപോകുന്നു. അവന്റെ റുബൂബിയ്യത്ത് ആകാശ ഭൂമിയിൽ വ്യാപിച്ചു കിടക്കുന്നു. നമ്മുടെ ഇങ്ങനെയുള്ള അവസ്ഥകളെ തന്റെ മഗ്ഫിറത്തുകൊണ്ടും കാരുണ്യം കൊണ്ടും അല്ലാഹു മറച്ചുവെക്കട്ടെ.

لَّآ اِلٰهَ اِلَّآ اَنْتَ سُبْحٰنَكَ ۖ اِنِّىْ كُنْتُ مِنَ الظّٰلِمِيْنَ ۚ﴿٨٨﴾

നീ അല്ലാതെ മറ്റൊരാരാധ്യനില്ലാ. നീ പരിശുദ്ധനാണ്. നിശ്ചയമായും ഞാൻ അക്രമങ്ങളിൽ പെട്ടുപോയി.

ഈ ദുആ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇത് നാം ആവർത്തിച്ച് ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്.

തുടർന്ന് അല്ലാഹു പറയുന്നത് اَلْحَیُّ الْقَیُّوْمُ എന്നാണ്. എപ്പോഴും ജീവിച്ചിരിക്കുന്നവനും നിലനിൽക്കുന്നവനുമാണവൻ. സ്വയം ജീവിക്കുക മാത്രമല്ല അവൻ ചെയ്യുന്നത്, മറിച്ച് മറ്റു ജീവിലോകത്തിന് ജീവൻ നൽകുകയും ചെയ്യുന്നു. അവൻ ഖയ്യും കൂടിയാണ്. സ്വയം നിലനിൽക്കുക മാത്രമല്ല. പ്രപഞ്ചത്തിലെ സകലതിനേയും നിലനിറുത്തുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

''ഈ ആയത്തിന്റെ പദാർത്ഥം, ജീവിച്ചിരിക്കുന്നവൻ അവനാണ്, അവൻ തന്നെയാണ് നിലനിൽക്കുന്നവനും. ജീവിച്ചിരിക്കുന്നവനും നിലനിൽക്കുന്നതും അവൻ മാത്രമായതുകൊണ്ട് അവനല്ലാത്ത ജീവിച്ചിരിക്കുന്ന മറ്റുള്ളവരെല്ലാം തന്നെ അവൻ മുഖേനയാണ് ജീവിച്ചിരിക്കുന്നത്. ആകാശഭൂമികളിൽ നിലനിൽക്കുന്ന സർവ്വതും തന്നെ അവന്റെ നിലനിൽപ്പു കാരണമായാണ് നിലനിൽക്കുന്നത്.''

ഇവിടെ ജീവിച്ചിരിക്കുന്നവനും നിലനിൽക്കുന്നവനും അതേപോലെ നിലനിറുത്തുന്നവനും എന്ന് പറഞ്ഞുകൊണ്ട് വിശ്വാസികളോട് പറയുന്നത്, നിങ്ങൾ ഒരിക്കലും ഭൗതികലോകത്തിന്റെ വഞ്ചനയിൽ അകപ്പെട്ടുപോകരുതെന്നും ഞാൻ മുഅ്മിനീങ്ങളോട് ചെയ്തിരിക്കുന്ന വാഗ്ദാനങ്ങളിൽ നിങ്ങൾ  അടിയുറച്ച് വിശ്വസിക്കുക എന്നതുമാണ്. നിങ്ങളുടെ വരും തലമുറയുടെ നിലനിൽപ്പും ഞാനുമായി ബന്ധപ്പെട്ടുകൊണ്ടാണ് നിലനിൽക്കുന്നതാണ്. ജമാഅത്തിയായ ജീവിതവും ഞാനുമായി ബന്ധപ്പെടുമ്പോഴാണ് നിലനിൽക്കുന്നത്. പ്രതികൂലസാഹചര്യത്തിൽ ഭൗതിക മാർഗ്ഗങ്ങളിൽ ആശ്രയം കണ്ടെത്താതിരിക്കുക. എന്നെ ആരാധിച്ചു കൊണ്ടേ ഇരിക്കുക, നിങ്ങളുടെ ജീവൻ നിലനിൽക്കുന്നത് ഇതിലാണ്. നിങ്ങളുടെ നിലനിൽപ്പും ഇതിൽ അതിഷ്ടിതമാണ്.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു.

وَتَوَكَّلْ عَلَى الْحَيِّ الَّذِىْ لَا يَمُوْتُ وَسَبِّحْ بِحَمْدِهٖ ۗ وَكَفٰى بِهٖ بِذُنُوْبِ عِبَادِهٖ خَبِيْرَا ۚ﴿٥٩﴾

25:59

ജീവിച്ചിരിക്കുന്നവനും മറ്റുള്ളവരെ ജീവിപ്പിച്ചു നിറുത്തുന്നവനും മരിക്കാത്തവനുമായവനിൽ പൂർണ്ണനായ അർപ്പണം ചെയ്യുക. അവനെ പുകഴ്ത്തുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുക.

അതുകൊണ്ട് ഒരു വിശ്വാസി വിഷമാവസ്ഥയിൽ പോലും അല്ലാഹുവിന്റെ ഏതെങ്കിലും സിഫത്തിനെ സംബന്ധിച്ച് സംശയത്തിൽ അകപ്പെടുകയില്ല. മറിച്ച് പ്രയാസങ്ങൾ അവനെ ജീവിച്ചിരിക്കുന്നവനും നിലനിൽക്കുന്നവനും സർവ്വശക്തിമാനും പ്രാർത്ഥന കേൾക്കുന്നവനുമായ അല്ലാഹുവിന്റെ മുമ്പിൽ മുമ്പത്തെക്കാളുപരി കുമ്പിടുന്നവനാക്കിത്തീർക്കുന്നു. അല്ലാഹു തുടർന്നു പറഞ്ഞത് لَا تَاْخُذُهٗ سِنَةٌ وَّلَا نَوْمٌ ۗ എന്നതാണ്. അല്ലാഹു ഈ പ്രപഞ്ചത്തെ നിലനിറുത്തുന്ന അവസരത്തിൽ അവന് ഉറക്കമോ മയക്കമോ ബാധിച്ചുകൊണ്ട് തന്റെ പ്രവർത്തനത്തിൽ അശ്രദ്ധകാണിക്കുമെന്ന ചിന്ത ഒരിക്കലും ഒരു വിശ്വാസിക്ക് ഉണ്ടാകാൻ പാടില്ല. കാരണം അല്ലാഹുവിന്റെ സിഫത്തുകൾ ഒരിക്കലും പരിമിതമല്ല. അവന് ഒരു വിധത്തിലുള്ള ന്യൂനതയും ഇല്ലാതാനും. അവൻ ഈ സിഫത്തുകൾ പ്രകടമാക്കുന്നതുകാരണം ക്ഷീണിക്കുന്നില്ല. അതുകൊണ്ട് അവന് വിശ്രമത്തിന്റെ ആവശ്യമില്ല. അവന്റെ കഴിവുകൾ മനുഷ്യന്റെ കഴിവുകളെ പോലെയല്ല. മനുഷ്യന് ജോലിചെയ്തു കഴിഞ്ഞാൽ വിശ്രമിക്കുകയും ഉറങ്ങുകയും ചെയ്യേണ്ട ആവശ്യം നേരിടുന്നു. എന്നാൽ അല്ലാഹു എല്ലാ കഴിവുകളുടേയും ഉടമസ്ഥനാണ്. അതുകൊണ്ട് ഉറക്കത്തിന്റെയോ മയക്കത്തിന്റെയോ ആവശ്യം അവനില്ല. അവൻ തന്റെ സൃഷ്ടികളുടെ ജീവനെ സംബന്ധിച്ചോ അവരുടെ നിലനിൽപ്പിനെ സംബന്ധിച്ചോ അശ്രദ്ധനാകുമോ എന്ന പ്രശ്നമേ ഉദിക്കുന്നില്ല.

പ്രകൃതിനിയമമനുസരിച്ച് അവൻ തന്റെ ദാസരെ പരീക്ഷിക്കുന്നു. അവന്റെ ദാസരുടേതാണ് സ്ഥായിയായ ജീവിതം എന്ന് അവൻ വിളംബരപ്പെടുത്തുന്നു. അവന്റെ മാർഗ്ഗത്തിൽ മരിക്കുന്നവർ ജീവിക്കുന്നവരാണ്. എന്റെ പ്രവാചകന്റെ ജമാഅത്ത് വിജയിക്കുകയും നിലനിൽക്കുകയും ചെയ്യുമെന്ന് അവൻ പ്രഖ്യാപിക്കുകയും അങ്ങനെ അവൻ അതിനെ വിജയിപ്പിക്കുകയും നിലനിറുത്തി കാണിക്കുകയും ചെയ്തു.

لَهٗ مَا فِى السَّمٰوٰتِ وَمَا فِى الْاَرْضِ ۗ ആകാശ ഭൂമികളിലുള്ളതെല്ലാം അവന്റെതാണ്. ഞാനും എന്റെ റസൂലും വിജയിക്കും എന്ന് അല്ലാഹു പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അത് എങ്ങനെ നടക്കും എന്ന കാര്യത്തിലും ആർക്കും സംശയം ഉണ്ടാകേണ്ടതില്ല. ഭൗതികമായി നോക്കുകയാണെങ്കിൽ വിജയിക്കുവാനുള്ള സാധ്യമായ കരുക്കളൊന്നും കാണാത്തതുകൊണ്ട് ഈ വിജയം അസാധ്യമായി

തോന്നുന്നതാണ്. വിദൂര ഭാവിയിൽ വല്ലപ്പോഴും സംഭവിച്ചേക്കാം എന്ന് കണക്കുകൂട്ടിയേക്കാം. തിരുനബിയോട് വിശുദ്ധഖുർആനിലൂടെ അല്ലാഹു പറഞ്ഞു.

كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَ رُسُلِیْ

ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുന്നതാണ് എന്ന പ്രവചനത്തെ പ്രതികൂല സാഹചര്യത്തിൽപോലും അല്ലാഹു പൂർത്തിയാക്കിക്കാണിച്ചു. ഇതേപോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ വാഗ്ദാനവും അവൻ പുലർത്തിക്കാണിക്കുന്നതാണ്. ഇത് ഇപ്പോൾ പുലർത്തിക്കാണിക്കുന്നുമുണ്ട്. ബാഹ്യമായ പരിതസ്ഥിതിവെച്ചുനോക്കുമ്പോൾ ഒരിക്കലും വിജയിക്കാനുള്ള സാധ്യതയൊന്നും കാണുന്നില്ലെന്ന് മനുഷ്യൻ കണക്കു കൂട്ടുന്നു. അതല്ലെങ്കിൽ ഈ വിജയം അടുത്തൊന്നും ഉണ്ടാകുന്നതല്ലെന്നും വിദൂരഭാവിയിൽ സംഭവിച്ചേക്കാവുന്ന ഒന്നായിരിക്കുമെന്നും കരുതുന്നു. പൂർണ്ണവിജയം അസാധ്യമായി അവർ കണക്കാക്കുന്നു. എന്നാൽ ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിന്റെ നിയന്ത്രണത്തിലാണുള്ളത്. ഈ ആകാശവും ഭൂമിയും ഒന്നും ഒരു ഉടമസ്ഥനും ഇല്ലാതെയല്ല നിലനിൽക്കുന്നത്. ലോകത്തുള്ള എല്ലാ സൃഷ്ടികളും അവന്റെ നിയന്ത്രണത്തിലാണുള്ളത്. അവൻ അറ്റമില്ലാത്ത, അതിവിശാലമായ ഗുണങ്ങളുടെ ഉടമസ്ഥനാണ്. അവൻ എപ്പോഴും ലോകത്തെ നോക്കിപ്പാർത്തിരിക്കുകയാണ്. ജീവിതവും മരണവും നശിക്കലും നിലനിൽക്കലും എല്ലാം അവനാണ് നിയന്ത്രിക്കുന്നത്. ഭൂമിയിലെ പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ ഖജനാവുകളും അവന്റെ കരങ്ങളിലാണുള്ളത്. അങ്ങനെയുള്ള അതിശക്തവാനായ അല്ലാഹു ഞാനും എന്റെ റസൂലും വിജയിക്കുമെന്ന് തീരുമാനമെടുത്തിരിക്കയാൽ ലോകത്തുള്ള ഒരു ശക്തിക്കും തന്നെ ആ തീരുമാനത്തെ മാറ്റിമറിക്കാൻ സാധ്യമല്ല. അവർ വൻശക്തികളാണെങ്കിലും ഭരണകൂടങ്ങളാണെങ്കിലും പേരുകേട്ട മതവക്താക്കളാണെങ്കിലും ശരി. അല്ലാഹുവിന്റെ തീരുമാനമേ നടപ്പിൽ വരികയുള്ളൂ. എന്നാൽ വിശ്വാസികളോട് നേരത്തെതന്നെ പറഞ്ഞിരിക്കുന്നത് എല്ലാ സദ്ഗുണങ്ങളും ഉൾകൊള്ളുന്ന അല്ലാഹുവിൽ അടിയുറച്ച് വിശ്വസിക്കുന്നവർക്ക് മാത്രമേ ഈ വിജയം ലഭിക്കുകയുള്ളൂ എന്നതാണ്. അവനെ ആരാധിക്കുന്നവരായി അവർ മാറണം. ഇന്ന് ഓരോ അഹ്മദിയുടേയും ഉത്തരവാദിത്വമാണിത്. ഓരോ അഹ്മദിയും ഇത് മനസ്സിലാക്കേണ്ടതാണ്.

തുടർന്ന് പറയുന്നു. مَنْ ذَا الَّذِیْ یَشْفَعُ عِنْدَهٗۤ اِلَّا بِاِذْنِهٖ
അവന്റെ അനുവാദത്തോടെയല്ലാതെ ആരാണ് അവന്റെ സവിധത്തിൽ ശുപാർശ ചെയ്യുക. അല്ലാഹു അനുവാദം നല്കിയവരുടെ ശുപാർശ മാത്രമേ അവന്റെ അടുക്കൽ വിലപ്പോവുകയുള്ളൂ. ഹദീസുകളിൽ ഇപ്രകാരം വന്നിട്ടുണ്ട്. തിരുനബി (സ) ക്ക് അല്ലാഹു ശുപാർശ ചെയ്യാനുള്ള അനുവാദം നൽകുന്നതാണ്. അപ്പോൾ അവിടുന്ന് ശുപാർശ ചെയ്യുന്നതാണ്. തിരുനബി (സ) യുടെ ശുപാർശ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്. ഈ കാര്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവിധ സ്ഥലങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ഒരു സ്ഥലത്ത് അരുളുന്നു.

യഥാർത്ഥവും സമ്പൂർണ്ണവുമായ ശുപാർശകൻ തിരുനബി (സ) ആണ്. ആ മഹാത്മാവ് സമൂഹത്തെ ബിംബാരാധനയിൽ നിന്നും നാനാതരം നീചകൃത്യങ്ങളിൽ നിന്നും അവിശുദ്ധ ജീവിതത്തിൽ നിന്നും പുറത്തെടുത്ത് കൊണ്ട് ഉന്നതഗുണമഹിമയുള്ള ഉത്തുംഗ സമൂഹമാക്കി മാറ്റുകയുണ്ടായി.

അല്ലാഹുവിന്റെ അനുമതിയോടുകൂടി തിരുനബിയുടെ ശുപാർശ സ്വീകരിക്കപ്പെടുമെന്ന് വ്യക്തമാണ്. ശിർക്കിൽനിന്നും വിട്ട് നിൽക്കുന്നവർക്കും നീചകൃത്യങ്ങളെ വർജിക്കുന്നതിന്നായി പരിശ്രമിക്കുന്നവർക്കും വേണ്ടിയാണ് ശുപാർശ ചെയ്യുക. ബലഹീനതകൾ ഉണ്ടായാൽ തന്നെയും അല്ലാഹു തിരുനബിയുടെ ശുപാർശ കാരണം അത് അവഗണിക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു. ശുപാർശ എന്നൊന്നില്ല എന്നാരും ധരിക്കരുത്. ശഫാഅത്ത് (ശുപാർശ) സത്യമാണെന്നാണ് നമ്മുടെ വിശ്വാസം. **വസല്ലി അലൈഹി, ഇന്ന സ്വലാത്തക സകനും ലഹും** എന്നത് ഇതിന് വ്യക്തമായ തെളിവാകുന്നു. ഇതാണ് ശഫാഅത്തിന്റെ തത്വരഹസ്യം. ശഫാഅത്ത് മുഖേന പാപപങ്കിലമായ ജീവിതത്തിന് മരണം വരുന്നു. ദേഹേച്ഛകൾക്കും വികാരാവേശങ്ങൾക്കും ഒരു വിധത്തിലുള്ള ശമനം ഉണ്ടായിത്തീരുന്നു. അങ്ങനെ തിന്മയുടെ കവാടങ്ങൾ അടക്കപ്പെടുകയും അതിനു പകരമായി നന്മയുടെ കവാടം തുറക്കപ്പെടുകയും ചെയ്യുന്നു.

അതുകൊണ്ട് ശഫാഅത്ത് എന്നത് ഒരിക്കലും സൽപ്രവർത്തനങ്ങളെ ഇല്ലാതാക്കിയിട്ടില്ല. മറിച്ച് സൽപ്രവർത്തനങ്ങൾ കൂടുതലായി ചെയ്യാനുള്ള പ്രേരണയാണ് നൽകുന്നത്.

തിരുനബി (സ)യുടെ ശഫാഅത്ത് ഈ ദുൻയാവിൽ തന്നെ തുടങ്ങിയിട്ടുണ്ടായിരുന്നു. എന്നാൽ ഇത് സൽകർമ്മവുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തീയരുടെ പാപപരിഹാരസിദ്ധാന്തവുമായി ഇതിന് ഒരു താരതമ്യവും ഇല്ല. ക്രിസ്തീയ പാപപരിഹാരസിദ്ധാന്തം തിന്മ ചെയ്യാൻ പ്രേരണ നൽകുമ്പോൾ ശഫാഅത്ത്, അല്ലാഹുവിനെ അംഗീകരിക്കുന്നതിലേക്കും സൽപ്രവൃത്തി ചെയ്യുന്നതിലേക്കും അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റുന്നതിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ കാലത്ത് ദുആ മുഖേന ശഫാഅത്തിന്റെ സ്ഥാനം, തിരുനബി(സ)യുടെ പ്രിയദാസനും അല്ലാഹു നൽകിയിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

എന്റെ ശഫാഅത്ത് മുഖേന പലരോഗങ്ങളിൽനിന്നും പ്രയാസങ്ങളിൽ നിന്നും ദുഃഖങ്ങളിൽനിന്നും പലരും മോചനം നേടിയിട്ടുണ്ട് എന്നത് എന്റെ ജമാഅത്തിലെ പല ബഹുമാന്യവ്യക്തികൾക്കും അറിയാവുന്നതാണ്.

ഈ ശഫാഅത്തിനോടൊപ്പം അല്ലാഹു പറയുന്നു. യഥാർത്ഥ അവസ്ഥയെക്കുറിച്ച് അറിയുന്നവൻ ഞാനാണ് എന്ന്.

یَعْلَمُ مَا بَیْنَ اَیْدِیْهِمْ وَ مَا خَلْفَهُمْ

അവരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതും അവൻ അറിയുന്നു. നമ്മുടെ ദൈവം അദൃശ്യജ്ഞാനങ്ങൾ അറിയുന്നവനാണ്. അതുകൊണ്ട് തിന്മയിൽ മുന്നേറുന്നവർക്ക് ഈ ലോകത്തോ പരലോകത്തോ ശഫാഅത്ത് നൽകപ്പെടുന്നതല്ല. ഇതാണ് വിശുദ്ധഖുർആൻ പറയുന്നത് .

തുടർന്ന് അല്ലാഹു തന്റെ അതിവിശാലമായ വിജ്ഞാനത്തെ കുറിച്ച് പറയുന്നു.

وَ لَا یُحِیْطُوْنَ بِشَیْءٍ مِّنْ عِلْمِهٖۤ اِلَّا بِمَا شَآءَ

ഇവിടെ അല്ലാഹു വ്യക്തമാക്കുന്നത് എന്റെ അറിവിനെ ആർക്കും തന്നെ വലയം ചെയ്യാൻ സാധ്യമല്ലെന്നാണ്. അല്ലാഹുവിന് ഏറ്റവും പ്രിയൻ തിരുനബി (സ) ആണ്. മുഅ്മിനീങ്ങളോട് അല്ലാഹു പറഞ്ഞിരിക്കുന്നത് നിങ്ങൾക്ക് എന്റെ സ്നേഹം വേണമെങ്കിൽ ഈ

പ്രവാചകനെ പിൻപറ്റുക എന്നാണ്. ആ മഹാത്മാവിന് എല്ലാവിധ അറിവും അല്ലാഹു നൽകിയിരിക്കുന്നു. ഭാവിയെക്കുറിച്ചുള്ള അറിവുകളും വിശുദ്ധഖുർആനിൽ അല്ലാഹു നൽകിയിരുന്നു. അതെല്ലാം തിരുനബി മുഖേനയാണ് നമുക്ക് ലഭിച്ചത്. ഓരോ കാര്യത്തെക്കുറിച്ചുള്ള തിരിച്ചറിവും തിരുനബിക്ക് നൽകിയിരുന്നു. പല കാര്യങ്ങളും അന്ന് സഹാബാക്കൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും തിരുനബി (സ) അതെല്ലാം മനസ്സിലാക്കിയിരുന്നു. എന്നിട്ടും അല്ലാഹു പറയുന്നത് ഇത് അറിവിന്റെ പൂർണ്ണതയല്ല. കാരണം എന്റെ അറിവിന്റെ വ്യാപ്തിയെ പൂർണ്ണമായും ഒരാൾക്കും പ്രാപിക്കാൻ സാധ്യമല്ല. ആത്മീയമോ ഭൗതികമോ ആയ വിജ്ഞാനം അന്വേഷിക്കുന്നവർക്ക് ഞാൻ പുതിയ പുതിയ മാർഗ്ഗങ്ങൾ കാണിച്ചു കൊടുക്കുന്നു. പുതിയ പുതിയ മണ്ഡലങ്ങൾ ഞാൻ തുറന്നു കൊടുക്കുന്നു. മനുഷ്യൻ അവിടെ എത്തുമ്പോൾ അവിടെ നിന്നും വീണ്ടും നവംനവങ്ങളായ മാർഗ്ഗങ്ങൾ അവർക്കായി തുറക്കപ്പെടുന്നു. ശാസ്ത്രത്തിന്റെ പുരോഗതി ഇതിനുള്ള വ്യക്തമായ തെളിവാണ്. അല്ലാഹു ഗവേഷകൻമാർക്ക് പുതിയ മാർഗ്ഗങ്ങൾ തുറന്നു കൊടുക്കുന്നു. പ്രപഞ്ചത്തിന്റെ വ്യാപ്തി ആർക്കും തിട്ടപ്പെടുത്താൻ കഴിയില്ല. ഇതേപോലെ ആത്മീയ പ്രപഞ്ചത്തിലും അനന്തമായ സാധ്യതകളാണുള്ളത്. ചുരുക്കത്തിൽ അല്ലാഹുവിന്റെ അറിവിനെ ആർക്കും വലയം ചെയ്യാൻ സാധ്യമല്ല. അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ച് മാത്രമല്ല വലയം ചെയ്യാൻ സാധിക്കാത്തത്. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പ് പോലും പൂർണ്ണമായും ഉൾക്കൊള്ളാൻ ആർക്കും സാധ്യമല്ല. ഇതിനെക്കുറിച്ചുള്ള ചില രഹസ്യങ്ങൾ അല്ലാഹു തന്നെയാണ് താൻ ഉദ്ദേശിക്കുമ്പോൾ മനുഷ്യന് നൽകുന്നത്. ഇതും മനുഷ്യനെ അല്ലാഹുവിലേക്ക് തിരിയുന്നതാക്കി മാറ്റേണ്ടതാണ്.

തുടർന്ന് പറഞ്ഞത് وَسِعَ كُرْسِيُّهُ السَّمٰوٰتِ وَالْاَرْضَ ۚ അവന്റെ ആധിപത്യം ഭൂമിയിലും ആകാശത്തും വ്യാപിച്ചു കിടക്കുകയാണ്. പ്രപഞ്ചമഖിലവുമുള്ള വസ്തുക്കൾക്ക് ജീവൻ നൽകുന്നതും നിലനിറുത്തുന്നതും അവനാണ്. നിങ്ങളുടെ അറിവ് പരിമിതമാണ്. അവനാണ് നിങ്ങൾക്ക് അറിവ് നൽകുന്നത്. പുരോഗമിക്കാനുള്ള പ്രാപ്തി അനുസരിച്ച്, പരിശ്രമങ്ങളനുസരിച്ച് അവൻ അറിവ് നൽകുന്നു. എന്നാൽ ഇതും അവൻ ഇച്ഛിക്കുന്ന അത്ര മാത്രമേ നൽകുന്നുള്ളൂ. അതുകൊണ്ട് ആരാധനക്കർഹൻ അവൻ മാത്രമാണ്. മറ്റെല്ലാ പൊയ്ദൈവങ്ങളെയും വിട്ടകലുക. അവന്റെ ഭരണം ആകാശഭൂമികളിൽ വ്യാപിച്ചു കിടക്കുന്നു. ഓരോന്നിന്റെയും സംരക്ഷണവും അവൻ തന്നെയാണ് ചെയ്യുന്നത്. അതുകാരണം അവൻ ക്ഷീണിക്കുന്നില്ല. ഓരോ വസ്തുവിലും അവന്റെ ശ്രദ്ധയുണ്ട്. ഈ സംവിധാനം വളരെ വിപുലമാണ്. അതിനെ വലയം ചെയ്യാനും മനുഷ്യന് സാധ്യമല്ല. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, നിങ്ങൾ എന്റെ സൃഷ്ടിപ്പിൽ വല്ല ന്യൂനതയും അന്വേഷിച്ചു നോക്കൂ. എന്നാൽ ഒരു ന്യൂനതയും നിങ്ങൾക്ക് കണ്ടെത്താൻ സാധ്യമല്ല. നിങ്ങൾ വീണ്ടും വീണ്ടും പരിശോധിക്കുക. നിങ്ങൾക്ക് പരാജയമല്ലാതെ ഒന്നും ലഭിക്കില്ല. എന്നാൽ ആരംഭം മുതൽ ഈ സംവിധാനത്തെ മുന്നോട്ടു കൊണ്ടുപോകുന്നത് അല്ലാഹുവാണ്. ഒരു ക്ഷീണമോ മയക്കമോ ഉറക്കമോ ഇല്ലാതെ അവൻ ഈ സംവിധാനത്തെ മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നു. ഇത്രമാത്രം വിശാലതയുള്ള അല്ലാഹുവിന്റെ തിരുസന്നിധിയിൽ തങ്ങളെ സമർപ്പിക്കാൻ ഇതൊന്നും നിങ്ങളെ പ്രേരിപ്പിക്കുന്നില്ലെ?അവസാനം പറഞ്ഞത് وَهُوَ الْعَلِيُّ الْعَظِيْمُ ۝٢٥٦ അവൻ മഹത്വമുടയവനും മഹാനുമാകുന്നു. ഈ പ്രപഞ്ചകടാഹത്തെയാകമാനം ചലിപ്പിക്കുന്നതിന് അവന് മറ്റൊരാളുടെ സഹായത്തിന്റെയും ആവശ്യമില്ല.

ഇസ്‌ലാം സമർപ്പിക്കുന്ന ദൈവമാണിത്. സർവ്വഗുണസമ്പന്നനാണവൻ. അവൻ തന്നെയാണ് ആരാധനക്കർഹൻ. അല്ലാഹു നമുക്ക് അവനെ തിരിച്ചറിഞ്ഞുകൊണ്ട് എപ്പോഴും അവന്റെ തിരുസന്നിധിയിൽ തങ്ങളെ സമർപ്പിക്കുന്നവരും അവനെ ആരാധിക്കുന്നവരുമായിത്തീരുന്നതിനുള്ള അറിവും ജ്ഞാനവും പ്രദാനം ചെയ്യട്ടെ. അവനെ സർവ്വസൽഗുണങ്ങളുടേയും സമുച്ഛയമാക്കി മനസ്സിലാക്കികൊണ്ട് അവന്റെ മഹത്വത്തിൽ നിന്നും ഫലമെടുക്കുന്നവരായി നാം മാറട്ടെ.

ഈ സമയത്ത് ജുമുആക്ക് ശേഷം ചില ജനാസ നമസ്കാരവും നടത്തുന്നുണ്ട്.

ഒന്നാമത്തെ ജനാസ ജനാബ് അഹ്മദ് ത്വാരിഖ് സാഹിബിന്റെതാണ്. ഇദ്ദേഹം ഫൈസലാബാദിലാണ് താമസം. മെയ് 28-ന് തന്റെ കടയിൽ നിന്നും വീട്ടിലേക്ക് വരുന്ന വഴിമധ്യേ അക്രമികൾ അദ്ദേഹത്തെ ശഹീദാക്കുകയാണ് ചെയ്തത്. ( إِنَّا لِلّٰهِ وَإِنَّــا إِلَيْهِ رَاجِعُونَ ) നെറ്റിയിലും വയറ്റിലുമാണ് വെടിയേറ്റത്. രാത്രിയിൽ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും രക്ഷപ്പെട്ടില്ല. അദ്ദേഹം ശഹാദത്തിന്റെ പദവി കരസ്ഥമാക്കുകയായിരുന്നു. 54 വയസ്സായിരുന്നു ഇദ്ദേഹത്തിന്. ഇദ്ദേഹത്തിന്റെ മകൻ മോട്ടർസൈക്കിളിൽ നേരത്തെ വീട്ടിൽ വന്നു. രണ്ട് മൂന്ന് പേർ വീടിന് തൊട്ടുമുന്നിൽ നിൽക്കുന്നതായി കണ്ടു. ഫോൺ ചെയ്യാൻ ശ്രമിച്ചെങ്കിലും - ഇദ്ദേഹം പിന്നിൽ കാറിലാണ് വന്നിരുന്നത് - അദ്ദേഹം അപ്പോഴേക്കും അവിടെ എത്തിക്കഴിഞ്ഞിരുന്നു. സ്പീഡ് ബ്രേക്കറിന്റെ അടുത്ത് കാറിന്റെ സ്പീഡ് കുറച്ചപ്പോൾ അവിടെ വെച്ച് ഈ തെമ്മാടികൾ വെടിവെക്കുകയും അത് അദ്ദേഹത്തിന്റെ നെറ്റിയിൽ കൊള്ളുകയും ചെയ്തു. പിന്നീട് അടുത്ത് വന്ന് വീണ്ടും വെടിവെക്കുകയുണ്ടായി. അല്ലാഹു ശഹീദിന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ പിൻഗാമികൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹം മൂസി ആയിരുന്നു. അദ്ദേഹത്തിന്റെ മുതുമുത്തച്ഛൻ ഫസൽ ഇലാഹി ഖാൻ സാഹിബ് ഹ: മസീഹ് മൗഊദ് (അ) ന്റെ സഹാബിയാണ്. ജമാഅത്തിൽ പല ചുമതലകളും വഹിച്ചുകൊണ്ട് സേവനം ചെയ്യാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. വളരെയധികം സ്നേഹിക്കുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായി 88 വയസുള്ള മാതാവും ഭാര്യയും രണ്ട് ആൺകുട്ടികളും മൂന്ന് പെൺകുട്ടികളുമാണുള്ളത്. അദ്ദേഹത്തിന്റെ ഒരു സഹോദരൻ ഇവിടെയുണ്ട്. അദ്ദേഹം എന്നോട് പറഞ്ഞു. മരണവാർത്ത അറിഞ്ഞപ്പോൾ ഉമ്മയെ സമാധാനിപ്പിക്കാനായി ഞാൻ ഫോൺ ചെയ്തപ്പോൾ എനിക്ക് ദുഃഖം താങ്ങാൻ കഴിഞ്ഞില്ല. അപ്പോൾ ഉമ്മ എന്നോട് ചോദിച്ചത് നീ എന്തിനാണ് കരയുന്നത് എന്നാണ്. ഒരു ശഹീദിന്റെ ഉമ്മയായി എന്നതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. ഇസ്‌ലാമിന്റെ ആദ്യകാലത്ത് മാത്രം കണ്ടിരുന്ന ആ ഉദാത്തമാതൃകകൾ നിലനാട്ടുന്നത് ഈ മാതാക്കളാണ്.

രണ്ടാമത്തെ ജനാസ ഗുലാം മുസ്തഫാ സാഹിബ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ പോലീസിന്റെതാണ്. 49 വയസ്സായിരുന്നു. കഴിഞ്ഞ ദിവസം ലാഹോറിലുണ്ടായ ബോംബ് സ്ഫോടനത്തിലാണ് അദ്ദേഹം ശഹീദായത്. മുംതാസ് ബീഗം സാഹിബയുടേതാണ് മറ്റൊരു ജനാസ. ഇന്ത്യയിലുള്ള ചെന്നൈ ദേശത്തെ നിസാർ സാഹിബിന്റെ ഭാര്യയാണ്. ഇവർ മെയ് 30 നാണ് വഫാത്തായത്. ഇവർക്ക് എട്ട് വയസ്സുള്ള ഒരു പെൺകുട്ടിയുണ്ട്. ഇന്ത്യയിലെ ഈ പ്രദേശത്തും - സെന്റ് തോമസ് മൗണ്ട് - എതിർപ്പുകൾ ശക്തമാണ്. അവിടെയുള്ള മുസ്‌ലീംകളുടെ പൊതു ഖബർസ്ഥാനിൽ മുപ്പത് വർഷമായി അഹ്മദികൾ നമ്മുടെ ജനാസ മറവു ചെയ്തു വരു

ന്നു. ഇവരുടെ ജനാസ മറവു ചെയ്യാൻ വേണ്ടി അവിടെ എത്തിയപ്പോൾ പെട്ടെന്ന് ചുറ്റുപാടിൽനിന്നും മുസ്‌ലിം മുല്ലമാർ അവിടെ ഒരുമിച്ച് കൂടുകയും ഇതു മുസ്‌ലീംകളുടെ ഖബർസ്ഥാനാണെന്നും അതുകൊണ്ട് അവരെ ഇവിടെ മറവു ചെയ്യാൻ അനുവദിക്കുന്നതല്ലെന്നും പറഞ്ഞു. അഹ്‌മദികൾ അവിടെ മറവു ചെയ്യുകയും അവിടെ നിന്ന് തിരിച്ചു വരികയും ചെയ്തു. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ അവിടെയുള്ള മുസ്‌ലീംകൾ അവിടെ ചെല്ലുകയും അവർ ഖബർ തുറന്ന് ജനാസ പുറത്തെടുക്കുകയും ചെയ്തു. പോലീസ് സ്ഥലത്തുണ്ടായിരുന്നെങ്കിലും മുല്ലാക്കളുടെ മുമ്പിൽ ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ലെന്നും പറഞ്ഞ് നിഷ്ക്രിയരായി നിന്നു. ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുന്നതിന്ന് എപ്പോഴും മുൻനിരയിലുള്ളത് ഈ മൗലവിമാരായതുകൊണ്ടാണ് ഇവരെ ഉലമായെ സൂഅ് എന്ന് പറയുന്നത്. പിന്നീട് പോലീസ് മറ്റൊരു സ്ഥലത്ത് അവരെ മറവു ചെയ്യുകയുണ്ടായി. ഘാരിയാനിലെ ചൗധരി ബശീർ അഹ്മദ് സാഹിബിന്റെ ഭാര്യ മുബാറക്ക ബീഗം സാഹിബയുടേതാണ് അടുത്ത ജനാസ. ഇവർ അമേരിക്കയിലെ എം.ടി. എ സ്റ്റേഷൻ നടത്തുന്ന നമ്മുടെ മുബല്ലിഗ് മുനീർ അഹ്‌മദ് സാഹിബിന്റെ മാതാവാണ്. കഴിഞ്ഞ ദിവസം ഇവർ വഫാത്തായി. ഇവരുടെ ഭർത്താവ് ബശീർ സാഹിബ് നേവിയിലായിരുന്നു. എവിടെ പോയാലും തബ്‌ലീഗ് ചെയ്യുമായിരുന്നു. എപ്പോഴും ജമാഅത്തിന്റെ ലിറ്ററേച്ചറുകൾ അദ്ദേഹത്തോടൊപ്പമുണ്ടാകും. പല സ്ഥലത്തും അദ്ദേഹം ജമാഅത്ത് രൂപീകരിച്ചിട്ടുണ്ട്. നാലാമത്തെ ജനാസ ജാഫർ അഹ്‌മദ് ഖാൻ സാഹിബിന്റെതാണ്. ഇദ്ദേഹം ശാരീരികവൈകല്യമുള്ള ആളായിരുന്നെങ്കിലും ബുദ്ധിപരമായി നല്ല കഴിവുള്ള വ്യക്തിയായിരുന്നു. നല്ല പ്രവർത്തകനായിരുന്നു. മൂസി അയിരുന്നു. എന്റെ അമ്മായിയുടെ മകനും സാഹിബ് സാദി അമത്തുൽ ഹഫീസ് ബീഗം സാഹിബയുടെ പൗത്രനും മീർസാ ശരീഫ് അഹ്‌മദ് സാഹിബിന്റെ മകളുടെ മകളുമാണ്. അല്ലാഹു എല്ലാ മർഹൂമീംകൾക്കും പൊറുത്തു കൊടുക്കുമാറാകട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. ജുമുഅ നമസ്ക്കാരത്തിനു ശേഷം ജനാസ ഗാഇബ് അനുഷ്ഠിക്കുന്നതാണ്.

**വിവർത്തനം**
എം. നാസർ അഹ്മദ്
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 05 - 06 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**